## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6561 08.11.2016 – ൽ മറുപടിയ്ക്ക്

## <u>എന്റെ കൂട് പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.എം. മുകേഷ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'എന്റെ കൂട്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എന്റെ കൂട്'. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയത്തിലൂന്നിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 'എന്റെ കൂട്' പദ്ധതി പൈലറ്റടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (ബി) | രാത്രികാലത്ത് അന്തിയുറങ്ങാൻ ഇടമില്ലാതെ തെരുവോരത്ത് ജീവിക്കുന്ന തദ്ദേശീയരും അന്യസംസ്ഥാനക്കാരും നിർദ്ധനരുമായ സ്ത്രീകളും അവരോടൊപ്പമുള്ള പെൺകുട്ടികളും 12 വയസ്സിനു താഴെയുള്ള ആൺകുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കൂടാതെ രാത്രികാലങ്ങളിൽ വാഹനം ലഭിക്കാതെയും പെട്ടെന്നുണ്ടാകുന്ന ഹർത്താൽ, പണിമുടക്ക് എന്നിവമൂലം നഗരങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളും കുട്ടികളും ഇതിന്റെ ഗുണഭോക്താക്കളാകും. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ അഗതികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ? | (സി) | സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുക, പുനരധിവാസം സാധ്യമാവുകയാണെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുക, കുടുംബ പ്രശ്നങ്ങൾ മൂലമാണ് തെരുവിലെത്തിപ്പെടുന്നതെങ്കിൽ അവരെ തിരിച്ച് കുടുംബത്തിലെത്തിക്കുക എന്നീ തലങ്ങളിൽ ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ